പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *555

27-03-2018-ലെ

മറുപടിയ്ക്ക്

# സുസ്ഥിര വരുമാന സ്രോതസ്സായി കൃഷിയെ മാറ്റുവാൻ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പി. ഉണ്ണി**<br>**ശ്രീ.എം. സ്വരാജ്**<br>**ശ്രീ.പി.വി. അൻവർ**<br>**ശ്രീ.ഐ.ബി. സതീഷ്** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** കാർഷിക ഉല്പാദനത്തിലുള്ള അസ്ഥിരതയും വിലയിലുണ്ടാകുന്ന ചാഞ്ചാട്ടങ്ങളും ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തതയും പുതു തലമുറയ്ക്ക് കൃഷി അനാകർഷമാക്കിത്തീർത്തതിനാൽ സുസ്ഥിര വരുമാന സ്രോതസ്സായി കൃഷിയെ മാറ്റുവാൻ എന്തെല്ലാം പദ്ധതികളുണ്ടെന്ന് അറിയിക്കാമോ; | **(എ)** കാർഷിക ഉൽപാദനത്തിനുള്ള അസ്ഥിരതയ്ക്ക് പ്രധാന കാരണങ്ങൾ നൂതന സാങ്കേതിക വിദ്യകളുടെ പ്രയോഗത്തിലുള്ള അപര്യാപ്തത, ഉന്നത നിലവാരമുള്ള മേൽത്തരം നടീൽവസ്തുക്കളുടെ ദൗർലഭ്യം, അശാസ്ത്രീയ വളപ്രയോഗം, വിളകളെ ആക്രമിക്കുന്ന രോഗകീടബാധ, കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം മൂലം കൃത്യസമയത്ത് വിവിധ കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിക്കാത്ത അവസ്ഥ, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷി നാശം എന്നിവയാണ്. ഇവ പരിഹരിച്ച് സുസ്ഥിര വരുമാന സ്രോതസ്സായി കൃഷിയെ മാറ്റുവാൻ ഹൈടെക് അഗ്രിക്കൾച്ചർ, പച്ചക്കറികൃഷി വികസന പദ്ധതി, കൃത്യതാ കൃഷി, ജൈവകൃഷി രീതികളുടെ വ്യാപനം, വിള ആരോഗ്യ പരിപാലനം, മണ്ണ് പരിശോധനയും സോയിൽ ഹെൽത്ത് കാർഡ് വിതരണവും, സംയോജിത വളപ്രയോഗം, സംയോജിത കീടരോഗ പരിപാലനം, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷികകർമ്മസേനകൾ മുതലായ പദ്ധതികൾ/ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.<br>കാർഷികോൽപന്നങ്ങളുടെ വിലസ്ഥിരതയ്ക്ക് വിപണനം ശക്തമാക്കുന്നതിനുള്ള സംവിധാനങ്ങൾ, വിലസ്ഥിരതയ്ക്ക് വിപണി ഇടപെടൽ, കാർഷികോൽപന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമുള്ള പദ്ധതികൾ, പഞ്ചായത്തുതല |

| | | | |
|---|---|---|---|
| | | | കർഷകവിപണികൾ, ഇക്കോഷോപ്പുകൾ എന്നിവയും നടപ്പിലാക്കിവരുന്നു. |
| **(ബി)** | ഹൈടെക് കൃഷി രീതി വ്യാപകമാക്കാനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ഇതിന് വേണ്ട സാങ്കേതികവിദ്യ വ്യാപനത്തിന് പദ്ധതിയുണ്ടോ; | **(ബി)** | ഹൈടെക് കൃഷിരീതികളിൽ പ്രധാനപ്പെട്ടവ പോളിഹൌസ് കൃഷി, കൃത്യതാ കൃഷി, സൂക്ഷ്മജലസേചനം, മഴമറകൃഷി എന്നിവയാണ്. പച്ചക്കറി കൃഷി വികസന പദ്ധതി, സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന ഇവ വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിനാവശ്യമായ സാങ്കേതികവിദ്യ വ്യാപിപ്പിക്കുന്നതിന് കേരള കാർഷിക സർവ്വകലാശാലയുടെ സഹായത്തോടെ കർഷകർക്ക് പരിശീലനം നൽകുന്നുണ്ട്. കൂടാതെ കാർഷിക വിജ്ഞാന വ്യാപന പദ്ധതിയിലൂടെ നൂതന സാങ്കേതികവിദ്യാ വ്യാപനം നടപ്പിലാക്കുന്നു. ഇതിനായി പരിശീലന പരിപാടികൾ, പ്രദർശന പ്ലോട്ടുകൾ, നേർക്കാഴ്ച്ചയ്ക്കായുള്ള പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കുന്നു. |
| **(സി)** | ഉയർന്ന തോതിലുള്ള പ്രാരംഭ നിക്ഷേപ ആവശ്യകത കണക്കിലെടുത്ത് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | **(സി)** | ഹൈടെക് കൃഷിരീതി നടപ്പിലാക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൌകര്യം ഒരുക്കുന്നതിന് ഉയർന്ന പ്രാരംഭനിക്ഷേപം ആവശ്യമാണ്. ഇവയുടെ നിർമ്മാണത്തിന് കൃഷി വകുപ്പ് ധനസഹായം നൽകുന്നുണ്ട്. കൃഷിവകുപ്പ് സബ് സിഡി നൽകുന്നത് പദ്ധതി നടപ്പിലാക്കിയ ശേഷമാണ്. ഇതിനായി കർഷകർക്ക് ആവശ്യമായ കാർഷിക വായ്പ ബാങ്കുകൾ വഴി ലഭ്യമാക്കുന്നതിനുള്ള സൌകര്യം ചെയ്തുകൊടുക്കുന്നു. യഥാർത്ഥ കർഷകർക്ക് "ഹരിത കാർഡ്" ലഭ്യമാക്കി ധനകാര്യ സ്ഥാപനങ്ങൾ വഴി കാർഷിക വായ്പ ലഭിക്കുന്നതിന് കർഷകരെ സഹായിക്കുന്ന പ്രവർത്തനം ഇടുക്കി വട്ടവടയിൽ ആരംഭിച്ചു. സബ്സിഡി തുക ബാങ്ക് വായ്പാ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**